# Church Voice

C. S. I. MATEER MEMORIAL CHURCH

Vol. 11 No. 8 NEWSLETTER September 2013




The people were amazed at His teaching, because He taught them as one who had authority. (Mark 1:22)

# Church News

*Congratulations*



ഐ.പി.എസ് ലഭിച്ച നമ്മുടെ സഭാംഗമായ ശ്രീ. ക്രിസ്റ്റഫർ ചാൾസ് രാജ് (സെക്യൂരിറ്റി എസ്.പി, സ്പെഷ്യൽ ബ്രാഞ്ച്).



തിരുവനന്തപുരം ഗവ. ആർട്ട്സ് കോളേജ് പ്രിൻസിപ്പളായി നിയമിതനായ ഡോ. സജീവ് സാമുവൽ റോസ്

**നോമിനേറ്റ് ചെയ്തു**



നമ്മുടെ സഭാകമ്മിറ്റിയിലേക്ക് ഡോ. ജോൺ സജിത് എഡ്വിനെ അഭിവന്ദ്യ ബിഷപ്പ് തിരുമേനി നോമിനേറ്റ് ചെയ്തു. 1993-95, 2007-2010 എന്നീ കാലയളവിൽ സഭാകമ്മിറ്റി അംഗമായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കാരക്കോണം എസ്.എം. സി.എസ്.ഐ മെഡിക്കൽ കോളേജിന്റെ ജോയിന്റ് ഡയറക്ടറാണ്.

**സംയുക്ത കൂട്ടായ്മ യോഗം**

നമ്മുടെ സഭയിലെ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 9-ന് സംയുക്ത കൂട്ടായ്മ യോഗം സംഘടിപ്പിച്ചു. റവ. ഡോ. എൽ.ഇ. സഹനം ഉദ്ഘാടനം ചെയ്തു. 'യേശുവിന്റെ സ്നേഹം പ്രവൃത്തിയിലൂടെ' എന്ന വിഷയത്തെ ആസ്പദമാക്കി സെൻ എഡ്വിൻ, അനു സ്റ്റാൻലി, പ്രൊഫ. പി. രാജപ്രസാദ് എന്നിവർ സംസാരിച്ചു. ജെ.റോബിൻസൺ പ്രോഗ്രാം കൺവീനറായി പ്രവർത്തിച്ചു.

**ഏകദിനധ്യാനം**

സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 10-ാം തീയതി പന്നിയോട് എച്ച്.എം.എസ് ദേവാലയത്തിൽവെച്ച് ഏകദിനധ്യാനം നടക്കുകയുണ്ടായി.

**മഹായിടവക വാർഷിക കൗൺസിൽ**

ഓഗസ്റ്റ് 14, 15 തീയതികളിൽ എൽ.എം.എസ് കോമ്പൗണ്ടിൽ വച്ച് മഹായിടവക വാർഷിക കൗൺസിലും 2013-2016 ത്രൈവാർഷികത്തിലേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടക്കുകയുണ്ടായി. ഉപാധ്യക്ഷനായി റവ. റ്റി. സെൽവരാജും, സെക്രട്ടറിയായി ഡി. ലോറൻസും, ട്രഷററായി റവ. ഡി. ജേക്കബും തെരഞ്ഞെടുക്കപ്പെട്ടു. നമ്മുടെ സഭാംഗങ്ങളായ ശ്രീ. സേയിം ഈനോക്ക്, എം. സാം മോസസ്സ് എന്നിവർ എക്സിക്യൂട്ടീവിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

**സ്വാതന്ത്ര്യദിനാഘോഷം :** സ്വാതന്ത്ര്യദിനത്തോട് അനുബന്ധിച്ച് ഓഗസ്റ്റ് 15-ാം തീയതി രാവിലെ 7 മണിക്കുള്ള ആരാധനയ്ക്ക് ശേഷം സി.ഇ.വൈ.എഫിന്റെ ആഭിമുഖ്യത്തിൽ ദേശീയ പതാക ഉയർത്തുകയും ദേശത്തിനായി പ്രത്യേക പ്രാർത്ഥന നടത്തുകയുമുണ്ടായി.

**മെഡിക്കൽ ക്യാമ്പ് :** സി.ഇ.വൈ.എഫിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 18-ാം തീയതി ഞായറാഴ്ച വീരണകാവ് വെച്ച് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി. ഡോ.സാംസൺ നേശയ്യ നേതൃത്വം നൽകി. മുന്നൂറോളം പേർ പങ്കെടുത്തു.

**മുതിർന്നവർക്കായി തിരുവത്താഴ ക്ലാസ്സ് :** തിരുവത്താഴ ശുശ്രൂഷയിൽ പങ്കുചേരാൻ കഴിയാത്ത സഭയിലെ മുതിർന്നവർക്ക് അവസരം ഒരുക്കുന്നു. പങ്കെടുക്കുന്നവരുടെ സൗകര്യാർത്ഥം ക്ലാസ്സുകൾ ക്രമീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് റവ.സി.ആർ. വിൻസെന്റുമായി ബന്ധപ്പെടേണ്ടതാണ്.

# CHURCH VOICE

11th year of publication

**SEPTEMBER 2013**


CHIEF EDITOR
Rev. C.R. Vincent

EDITOR
R. Sajan Samson

EDITORIAL BOARD
Rev. Dr. L.E. Sahanam
Rev. E. Sunin Spenzer
Christenson E. Sarasam
Adv. Sarjine Thomas



ADDRESS:
The Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles / Feedback may be sent to :
churchvoice@gmail.com
before 15th of every month


Church Voice can be read online at our website
www.mateermemorialchurch.com

## CSI MATEER MEMORIAL CHURCH - Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.00 a.m |
| | English Service | 10.00 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 09.30 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Contemporary Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Missionary Prayer Fellowship | 04.30 p.m |
| | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

## Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. C. R. Vincent (President) | 2316544 | 9446850066 |
| Rev. Dr. L.E. Sahanam (Presbyter) | 2724658 | 9400370085 |
| Rev. E. Sunin Spenzer (Presbyter) | 2316644 | 8547811284 |
| Mr. Christenson E. Sarasam (Secretary) | 2327722 | 9995100420 |
| Adv. Sarjine Thomas (Accountant) | 2435142 | 9847104775 |
| Mr. Y. Christudas | 2318213 | 9895114633 |
| Dr. S. G. Churchin Ben | 2315655 | 9447177666 |
| Dr. Arthur Jacob J. | | 9447965063 |
| Dr. S. Satheesh | 2315232 | 9447104460 |
| Mr. T. Jayakumar Alfred | 2534781 | 9895110652 |
| Mr. R. Sajan Samson | 2555013 | 9447153170 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Pushpa Madan | | 9847215215 |
| Dr. John Sajit Edwin | 2326839 | 9847040490 |
| Church Office | 2311347 | |
| Mr. G. Sivanandan (Sexton) | | 9446616080 |
| Mr. G. Wilson (Parish Asst.) | | 9447525339 |
| Mr. T. Rajeev (Peon Cum Gardener) | | 9895801012 |

## From the Presbyter's desk



Theme of the year
**'Enable the congregation to bear witness.'**

Dear Blessed ones of the Lord,

Greetings of Love in the sweet and wonderful name of the Lord and Saviour Jesus Christ. **Golden verse of the month: 'Let no man despise thy youth, but be thou an example of the believers, in word, in conversation, in charity, in spirit, in faith, in purity.'**

The Lord knows everyone of His children individually and personally. He knows our needs as well as our nature. St. Paul says to Timothy to be conscious and be alert in your youth (lifetime) to become a model to others. Bible says that God has created us and we belong to God, we are God's people and the sheep in God's pasture (Ps. 100:3). Here we have to remember the faithfulness of God in loving and protecting us and goodness and mercy that follow us all the days of our life. Since God created us we are legitimate inheritors of God's model for all the families (individuals) on the earth (Gen. 12:13). The following are the basic models we see in the Bible.

**a) Individual faith model**: Abraham was chosen by God and assured His promises to become the best example to the believers in word, in conversation, in charity, in spirit, in faith, in purity. Likewise, God's intervention in our lives always results in blessing, not only for ourselves but also for others. This blessing model of faith was quite different and useful to the whole universe.

**b) Family faith model**: God blesses our family lives so that we become a blessing model to other families (Ex: Abraham's family Gen. 12, and Noah's family). The family life of Abraham and Noah are living models for everyone who trusts God. This model is qualitative as well as quantitative one which is sufficient and perfect in all respects of life.

**c) Group faith model**: The Exodus faith is the example for group faith model. This leads others into the model of faith. The liberation act of God reflects throughout the history to other people groups, that the authority of God draw people - groups (multitudes) after him as a model to others. The fulfillment of this action of faith group liberation can be seen in Jesus Christ. We find this new faith group where Jesus and the sinners and publicans gathered together.

**d) Church faith model**: Church as a community of faith can be a model to the world in witnessing Christ. There are various Churches in the New Testament period in and around the city of Jerusalem and in various parts of the world. Roman church and the Corinth church are some of the best examples for the same. People who paid their allegiance to Jesus Christ and believed Him as their Lord and Saviour were later on known as 'The people of the new way' and as 'Christians' in Antioch. Because Jesus Christ creates a new person, a new family, a new fellowship, in Him alone do we find our newness, oneness, wholeness and uniqueness in all respects of life.

**e) Pilgrim people's faith model**: The pilgrim people find their faith in God; the people of Israel and the people of new command - New Israel - the redeemed community of God from bondage of Egypt and from bondage of sin. The new community in Christ is a kingdom community in which every member enjoys justice, peace and joy (Rom. 14:17-18). The people with new vision will be moving towards 'The Hope' to attain the eternal bliss in Christ, which will be manifested on earth, when He come the second time. Let our faith journey become eschatological model or living model to others, the forthcoming generation to see Christ.

The first letter of St. Paul to Timothy is a personal letter written between the years 64 and 68 AD. The letters to Timothy and Titus are called 'Pastoral Epistles' because of the nature of the instructions relative to the training and governing of Churches. The apostle calls him the 'true son in the faith' and gives directions in the training and governing the Church. The practical wisdom of these epistles is of untold value to every minister of the Gospel. The outline of the epistle can be viewed as follows. Pure doctrine of the church, public responsibilities of the church, pre-requisites for offices of the church and the pastoral pattern for the church.

**Congratulations**

I am happy to express our hearty congratulations to Mr. Christopher Charles Raj who was awarded IPS. Let us thank God for his choicest blessing in our generations too while remembering the former dignitaries who were able to serve the IAS, IPS and IFS and in various services of our nation. May the almighty God help our young ones to come forward in various new avenues as they grow in the divine knowledge and wisdom.

**Family week celebration and annual Gospel convention.**

8th September to 15th, Sunday is set apart for the family week celebrations. 8th being the women's Sunday, our women's Fellowship members will give leadership in Church services. The theme for this year is 'Family: Fellowship of Relationships'.

Our annual renewal convention meetings are arranged on 12th to 15th of September. Rev.Dr.Vinod Victor, one of the popular preachers of the Good news will deliver the message this year. Kindly remember him in your prayers and prepare to come for the meetings.

**Mathew, Apostle and Evangelist**

September 21st is the day to remember the life and contributions of Apostle Mathew. The meaning of the name Mathew is the 'Gift of God' who has taken initiation to take the God given risk, gave up his occupation as a tax collector.

**CSI Day**

27th September is celebrated as the CSI inauguration day. In 1947 on that day, the Church of South India was inaugurated as a miracle through the intervention of our Lord for the mission of Jesus Christ in and around our nation. As members of CSI, we need to work together in serving God's mission in this world.

**Senior Citizens Sunday**

We are called to respect, to love, the elders in the family and in the society. September 29th is observed as the senior citizens Sunday to remember their contributions and to honour them. The old age signifies the fullness of life. May God enable us to respect and safeguard them and to receive God's blessing through them.

With prayers and regards,

Yours in Christ,

**Vincent Achen**

**FAMILY BIBLE QUIZ**

Young Family Fellowship of our church is conducting a family quiz on September 29m based on Genesis and Luke. Interested families are requested to contact Dr. Manju Renjith (Ph: 9846158489) or Dr. Sindhuja Suresh (Ph: 9747225493).

## SECRETARY'S REPORT



Dear friends in Christ,

Greetings to all our family members, as we celebrate "Family week" during this month. Family is a place we get warmth and love from our dear ones and where we can express ourself without any inhibition. Parents always nurture their children with great expectation. In the parable of the prodigal son (Luke 15:11-32), the real life situations are portrayed. While this father waited day and night, there are several others who prefer to write off the prodigal than expecting him to make a return. Children in the family are a gift from God and they should be properly trained and edified in the knowledge and fear of God. They must grow realising their responsibilities in life. As years go rolling by, we realise again and again the dire need to meaningfully take care of our aged parents in their ailing old age. The family altar should provide sufficient room for fellowship and relationship. Family that prays together stays together. Yes, family is the only place where we can find the rich value of love, care and concern for the welfare for each other. Let the Christian virtues and values that we hold enable us to transcend beyond mundane considerations and make our earthly life heaven upon earth for the glory of God.

**Official elevation:** Sri. Christopher Charles, after 32 years of sustained and distinguished service in the Police Department is elevated to Indian Police Service by the Government of India. Let us pray for his continued contribution to state and society at large.

Dr. Sajeev Samuel Ross (Professor of English) had been promoted and posted as Principal of Govt. Arts College, Trivandrum. Let us pray that God will continue to enable him to guide generations of students.

**Budget 2013-2014 :** The Church committee has finalised the budget proposals for 2013-2014 and the same will be placed before the General Body during September, 2013.

**Poor Fund :** In order to facilitate substantially need based charity to the deprived and poor, adequate fund raising measures are initiated to replenish our Poor fund.

**Grant for Assistance to 11 children in CRD (former Polio Home) :** To support 11 children of CRD home who are under treatment in various hospitals using costly medicines, we are looking forward to sponsors who are prepared to contribute Rs.1,000/- per month for this noble cause.

**Extension of financial aid :** The following aid under different heads were extended during the month:

**I. Marriage Aid**

1. Athira Manikuttan, Thungampara - Rs.3,000/-
2. C. Thankamni, Malayinkil - Rs.3,000/-
3. Shreeja Kuttappan, Vellanad - Rs.5,000/-(Church worker's daughter)
4. Omana Punchankari - Rs.3,000/-
5. Vijitha Varghese - Rs.3,000/-
6. C. Justin, Ponneduthakuzhi - Rs.3,000/-
7. Praveen Lal, Kudumbodu - Rs.5,000/-
   (former Missionary at Ettoornagaram)

**II. Poor help**

1. Chellamma, Chenkalchoola - Rs.5,000/- (church member)

**III. Medical Aid**

1. Baby, Thekkummoodu - Rs.1,000/-
2. K Santha, Chavadimukku - Rs.5,000/-
3. T. Biju, Muttachal - Rs.5,000/-

**IV. Educational Aid**

1. R. Sheela, Aruvikuzhi - Rs.3,000/-
2. P. Aswathy - Rs.5,000/-
   (Engg. student at Chengalchoola mission)

**V. Vault fee refund**

1. Lilly Prasoonam (Sister of late Omana Prasoonam, our church member)

Our church member, Dr. John Sajith Edwin, Jt. Director of Dr SM CSI Medical College & Hospital, who was nominated by the Bishop to our Church Committee was allotted Edappazhanji Circle for ministerial service and supervision.

The Pay Revision Committee constituted for revision of salary to Church staff has initiated study of their duties and responsibilities as against monthly salary emoluments.

Mrs. Deepa Cyrus was discharged from hospital after a month's treatment at KIMS and she is taking rest at her father's residence.

**Accidents:** Please pray for Sri. Joshua Devaraj who is still under treatment at Ananthapuri Hospital. Do remember to pray for Miss. Anju Dias who is undergoing treatment at Cosmopolitan Hospital. Please intercede for Mr. Reni Bennet who is taking treatment at SP Fort Hospital. Pray that God will grant all these dear ones speedy recovery.

**Obituary:** Sri. Alphonse Johns - Kowdiar, Sri. Devadas Harris - Malamughal and Mrs.Sarada Wilson - Nanthencode and our former deaconess Mrs. Sulochana Yesudasan were called to eternity. As a token of our love and respect for the services rendered by Smt. Sulochana Jesudasan, a memorial service was conducted in our church on Sunday, 18/06/2013. Let us uphold the bereaved family members in our continued prayers.

We thankfully acknowledge the contribution of Rs.25000/- by Mr. Sunil Christopher and Dr. Sajan Christopher to open an endowment fund in the name of Mrs. Resamony Job and Mr. Job towards awarding prizes to the top scorers in 10th (CBSC/ISCE) in the Church day celebration every year.

The Annual Gospel Convention of our Church will be held from 12th to 15th September2013.Rev.Dr.Vinod Victor will be the main speaker.kindly uphold these meetings in your prayers.

Yours in His mission

**Christenson E. Sarasam,**
Church Secretary



# പ്രതിവാര ധ്യാനം

**സെപ്റ്റംബർ 2013**

**സെപ്റ്റംബർ 1, 2013,** ഒന്നാം ഞായർ
വിഷയം: **അദ്ധ്യാപക ദിനം-ദൈവീക ജ്ഞാനത്തിൽ വളരുവിൻ**
സദൃ. 2:1-12, സങ്കീ. 119: 33-40, യാക്കോ. 3:13-18, മത്താ. 7:21-29

**സെപ്റ്റംബർ 8, 2013,** രണ്ടാം ഞായർ
വിഷയം: **സ്ത്രീകൾ: ദൈവത്തിന്റെ വിമോചന പ്രക്രിയയിലെ പങ്കാളികൾ**
പുറ. 1:15-22, സങ്കീ. 148, റോമ. 16:1-16, ലൂക്കൊ. 8:1-13

**സെപ്റ്റംബർ 15, 2013,** മൂന്നാം ഞായർ
വിഷയം: **അയ്മേനികളുടെ ശുശ്രൂഷ: വിശ്വാസികളുടെ പൗരോഹിത്യം**
2 രാജാ. 7:3-10, സങ്കീ. 78:1-8, അ.പ്ര. 8:1-8, മത്താ. 4:23-25

**സെപ്റ്റംബർ 22, 2013,** നാലാം ഞായർ
വിഷയം: **ക്രിസ്തീയ സ്വഭാവം**
1 ശമു. 24:1-15, സങ്കീ. 15, എഫെ. 6:10-20, മത്താ. 5:13-16

**സെപ്റ്റംബർ 29, 2013,** അഞ്ചാം ഞായർ
വിഷയം: **വയോധികരെ കരുതുക**
ഉൽപ്പ. 46:28-47:10-12, സങ്കീ. 71:1-8, 1 തിമൊ. 5:1-10, മർക്കൊ. 7:5-23

# ക്രിസ്തീയ കുടുംബം

റവ. ഡി. ജേക്കബ്
(ട്രഷറർ, ദക്ഷിണകേരള മഹായിടവക)

വീട് കത്തിയമരുന്ന ഭയാനകമായ ദൃശ്യം കണ്ടുകൊണ്ട് ആ കുടുംബം മാറി നിൽക്കുന്നു. അച്ഛനും അമ്മയും മകനും. നിസ്സഹായനായി വിഷാദമൂകനായി നിൽക്കുന്ന മകനോട് ന്യൂസ് റിപ്പോർട്ടർ, 'നിങ്ങളുടെ കുടുംബം പെട്ടെന്ന് തകർന്നു പോയല്ലോ' എന്ന് അപ്രതീക്ഷിത ചോദ്യം. ധൈര്യം വീണ്ടെടുത്ത് അവൻ മറുപടി പറഞ്ഞു 'ഇല്ല, ഞങ്ങളുടെ വീട് മാത്രമാണ് നശിച്ചത്; കുടുംബം നഷ്ടപ്പെട്ടിട്ടില്ല.' **വീട് വാങ്ങാനും ഇഷ്ടിക കൊണ്ട് പണിയാനും സാധിക്കും; എന്നാൽ കുടുംബം വാങ്ങാനോ ഇഷ്ടിക കൊണ്ട് പണിയാനോ സാധ്യമല്ല. ഹൃദയങ്ങളുടെ ഒരുമയും ഊഷ്മളതയും വാത്സല്യവും കൊണ്ട് കുടുംബം പണിയപ്പെടുന്നു. അതു ദൈവത്തിന്റെ ദാനമാണ്.** കുടുംബത്തിലെ വാത്സല്യത്തെയും ഒരുമയെയും പറ്റി ചിന്തിക്കുന്നത് ഈ അവസരത്തിൽ ഉചിതം തന്നെ.

**1. ദൈവേഷ്ടം ചെയ്യുന്ന കുടുംബം**

ദൈവേഷ്ടം തിരിച്ചറിയുക എന്നത് കുടുംബ ജീവിതത്തിൽ പ്രധാനമേറിയതാണ്. യോശുവ അത് വ്യക്തമാക്കുന്നുണ്ട് - കുടുംബമായി ദൈവത്തെ സ്നേഹിക്കുക. തന്റെ വിടവാങ്ങൽ സന്ദേശത്തിലാണ് ദൈവത്തോട് കൂടുതൽ സമർപ്പണമുള്ളവരായിരിക്കാൻ യോശുവ ജനത്തെ ഉദ്ബോധിപ്പിക്കുന്നത്. ഇസ്രായേൽ ജനം ദൈവത്തിന്റെ വിശ്വസ്തത അനുഭവവിച്ചറിഞ്ഞതിനാൽ ദൈവത്തെ സേവിക്കണം. അവർ അധ്വാനിച്ചുണ്ടാക്കാത്ത ദേശവും, അവർ പണിയാത്ത പട്ടണങ്ങളും അവർ നട്ടുണ്ടാക്കാത്ത മുന്തിരിയും ഒലിവുതോട്ടവും ദൈവം അവർക്ക് ദാനമായി കൊടുത്തു. അതിനാൽ കുടുംബമായി ദാതാവായ ദൈവത്തെ സേവിക്കണം. പ്രാചീന യവന ചിന്തയിൽ സേവനത്തെ മാന്യമായി കരുതിയിരുന്നില്ല. മനുഷ്യൻ സേവിക്കാനുള്ളവനല്ല, ഭരിക്കാനുള്ളവനാണ്. പൂർണ്ണ വ്യക്തിത്വത്തിന്റെ വികാസമാണ് മനുഷ്യജീവിതത്തിന്റെ ലക്ഷ്യം. എന്നാൽ യോശുവയ്ക്ക് ദൈവത്തോടുള്ള കരുതലും സ്നേഹവും വിസ്മരിക്കാവുന്നതല്ല. തന്റെ തെരഞ്ഞെടുപ്പും നിയോഗവും ദൈവത്തെ സേവിക്കാനാണെന്ന് യോശുവ തിരിച്ചറിയുന്നു. കാരണം, പിതാക്കന്മാരുടെ തെരഞ്ഞെടുപ്പും ഇസ്രായേൽ ജനത്തെ ദൈവം അത്ഭുതകരമായി നടത്തിയതും യോശുവ ജനത്തെ ഓർമിപ്പിച്ചിരിക്കുന്നു. ദൈവഹിതം തിരിച്ചറിഞ്ഞ് കുടുംബമായോ, വ്യക്തിപരമായോ ദൈവത്തെ സ്നേഹിച്ച അനേകരെ വേദപുസ്തകത്തിൽ ദർശിക്കാനാവും.

## 2. വെളിച്ചത്തിൽ വസിക്കുന്ന കുടുംബം

ഇരുളിനെ ദൂരീകരിക്കുകയും സത്യത്തെ വെളിപ്പെടുത്തുകയും ചെയ്യുക എന്നതാണ് വെളിച്ചത്തിന്റെ പ്രധാന ധർമ്മം. വെളിച്ചത്തിൽ നടക്കാൻ യോഹന്നാൻ ആഹ്വാനം നൽകാൻ പ്രത്യേക കാരണങ്ങൾ ഉണ്ട്. 1. നമുക്ക് ദൈവത്തോട് കൂട്ടായ്മയുണ്ട് എന്ന് പറയുകയും നാം ഇരുട്ടിൽ നടക്കുകയും ചെയ്യുന്നു (1 യോഹ.1:6), 2. നമുക്ക് പാപമില്ല എന്ന് പറഞ്ഞു കൊണ്ട് നാം നമ്മെത്തന്നെ വഞ്ചിക്കുന്നു. (1 യോഹ.1:8). 3. നാം ദൈവത്തെ അറിയുന്നു എന്ന് പറയുന്നുവെങ്കിൽ അവന്റെ കൽപ്പനകളെ പ്രമാണിക്കുന്നില്ല (1 യോഹ. 2:4). 4. നാം വെളിച്ചത്തിൽ നടക്കുന്നു എന്ന് പറയുന്നുവെങ്കിലും ക്രിസ്തുവിൽ സഹോദരീ സഹോദരന്മാരെ നാം വെറുക്കുന്നു (1 യോഹ.2:9).

ഒരിക്കൽ ടാഗോർ ഇപ്രകാരം അഭിപ്രായപ്പെട്ടു, 'ചുറ്റുപാടും അന്ധകാരമാണെന്ന് വിലപിച്ചതു കൊണ്ടായില്ല. നമ്മുടെയുള്ളിൽ ദൈവം നൽകിയിരിക്കുന്ന ചെറിയ കൈത്തിരി കത്തിച്ചു പിടിക്കയാണാവശ്യം - ഒരു അന്ധകാര ശക്തിക്കും അതിന്റെ പ്രഭ ഇല്ലാതാക്കാൻ കഴിയില്ല.' നമ്മിലുള്ള ക്രിസ്തുവാകുന്ന വെളിച്ചത്തെ തെളിയിക്കുമ്പോൾ കുടുംബത്തിലെ അന്ധകാരം നീങ്ങും. യോഹന്നാൻ കുടുംബത്തിലെ കുഞ്ഞുങ്ങളോടും യുവജനങ്ങളോടും പിതാക്കന്മാരോടും അമ്മമാരോടും സംവാദിക്കുന്നു. **കുഞ്ഞുങ്ങൾക്ക്** ദൈവവുമായി ശരിയായ ബന്ധം സ്ഥാപിക്കുന്നതിലൂടെയും പാപങ്ങൾ ക്ഷമിച്ചു കിട്ടുന്നതിലൂടെയും വെളിച്ചത്തിൽ വസിക്കാൻ കഴിയും. പാപമില്ലാത്ത അവസ്ഥയ്ക്കോ പാപം ചെയ്യാതിരിക്കാനുള്ള കഴിവോ അല്ല ദൈവം നൽകുന്നത്, പ്രത്യുത പാപത്തിന്റെ ശക്തിയിൽ നിന്നുള്ള മോചനമാണ്. **യുവജനങ്ങൾ** ആത്മീയ പോരാട്ടം നടത്തിയും ശത്രുവിനെ പരാജയപ്പെടുത്തിയുമാണ് വെളിച്ചത്തിൽ നടക്കേണ്ടത്. **മാതാപിതാക്കൾ,** ദൈവവുമായുള്ള തങ്ങളുടെ അഭേദ്യമായ ബന്ധം അർത്ഥവത്തായി കാത്തുസൂക്ഷിക്കണം.

വെളിച്ചത്തിൽ നടക്കുന്ന കുടുംബം സഹോദരനെ സ്നേഹിക്കാൻ മറക്കരുത്. കുടുംബത്തെ മാത്രമല്ല സഹോദരനെന്ന പദം വിവക്ഷിക്കുന്നത്. അത് വിശാല അർത്ഥത്തിൽ മനസ്സിലാക്കണം. നല്ല ശമരിയാക്കാരന്റെ ഉപമയിൽ യേശു അതിനെ വ്യക്തമാക്കുന്നുണ്ട്. കൂടാതെ വെളിച്ചത്തിൽ വസിക്കുന്ന കുടുംബം 'ലോകത്തിന്റേത്' ആയി പോകരുത്. ലവണജലത്തിൽ യാത്ര ചെയ്യുന്ന കപ്പൽ യാത്രക്കാർ ശുദ്ധജലം കരുതുന്നത് നമുക്കറിയാം. ലോകമഹത്വത്തിനും ദൈവഭക്തിക്കും ഒത്തുചേരാൻ സാധ്യമല്ല. ജഡമോഹം, കൺമോഹം, ലോകത്തിന്റെ പ്രതാപം എന്നിവയെ സ്നേഹിക്കുന്നവർ വെളിച്ചത്തിൽ വസിക്കുന്നില്ല. ദൈവസ്നേഹത്തിൽ നിന്ന് അവർ അകന്ന് പോകുന്നു.

## 3. ബന്ധങ്ങളുടെ ഊഷ്മളത കാത്തുസൂക്ഷിക്കുന്ന കുടുംബം

മനുഷ്യർക്ക് ദൈവം നൽകിയ അമൂല്യ സമ്മാനമാണ് ബന്ധങ്ങൾ.

യേശു ബന്ധങ്ങൾക്ക് വിശാലാർത്ഥവും വ്യാഖ്യാനവും നല്കി. ദൈവേഷ്ടം ചെയ്യുന്ന എല്ലാവരെയും തന്റെ മാതാവിന്റെയും സഹോദരന്മാരുടെയും സ്ഥാനത്തേക്ക് യേശു ഉയർത്തുന്നു. **ജീവിതകാലം മുഴുവൻ സന്തോഷമായിരിക്കാൻ ബന്ധങ്ങളിൽ നിക്ഷേപിക്കണം** എന്ന പ്രസ്താവന ഇവിടെ അന്വർത്ഥമാവുന്നു. തുറക്കപ്പെട്ട വാതിൽ ദൈവരാജ്യവും, അടയ്ക്കപ്പെട്ട വാതിൽ സാത്താന്റെ വാസസ്ഥലവുമാണ്. താൻ സ്നേഹിച്ച ലോകം മുഴുവൻ (യോഹ. 3:16) ഉൾക്കൊള്ളുന്ന ദൈവത്തിന്റെ വലിയ കുടുംബത്തിലെ ഒരു ചെറിയ കുടുംബം മാത്രമാണ് നമ്മുടെ ഓരോരുത്തരുടെയും കുടുംബം. ദൈവരാജ്യത്തിന്റെ വാതിൽ എപ്പോഴും തുറക്കപ്പെട്ടിരിക്കുന്നത് പോലെ (വെളി. 21:25) വിശാല ബന്ധങ്ങൾ സ്ഥാപിക്കാനും നിലനിർത്താനും അങ്ങനെ ജീവിതം സന്തോഷപൂർണ്ണമാക്കാനും ദൈവം സഹായിക്കട്ടെ.

*"The happiest moments of my life have been the few*
*Which I have passed at home in the bosom of my family."*
*- Jefferson*


M.M. Church Annual Gospel Convention

# ആത്മീയ ഉണർവ്വ് യോഗങ്ങൾ

സ്ഥലം : **എം.എം.ചർച്ച്**
തീയതി : **സെപ്റ്റംബർ 12 മുതൽ 15 വരെ**
സമയം : **വൈകുന്നേരം 6 മണി**



**പ്രസംഗകൻ**

**റവ. വിനോദ് വിക്ടർ**

(മാരാമൺ കൺവെൻഷൻ ഉൾപ്പെടെ ലോകത്തിലെ അനവധി പ്രസിദ്ധ സുവിശേഷ യോഗങ്ങളിലെ വചനപ്രഘോഷകൻ)

***പ്രാർത്ഥനയോടെ കടന്ന് വന്ന് അനുഗ്രഹം പ്രാപിപ്പിൻ!***

ഏവർക്കും സ്വാഗതം

**Rev. C.R. Vincent**
President

**Y. Christudas**
Secretary, Gospel Band

# ചെറിയ കുടുംബങ്ങൾ സന്തുഷ്ട കുടുംബങ്ങളായിരിക്കട്ടെ

**ഡോ. ശാന്താ യേശുദാസ്**
(ശാന്തിദൂത് ഹോസ്പിറ്റൽ, പാൽക്കുന്ന്)

ഒരിക്കൽ ഒരു ചിത്രകാരൻ ഒരു വൈദികന്റെ അടുത്തെത്തി ഈ ലോകത്തിൽ വളരെ വിശിഷ്ടമായതെന്താണെന്ന് ചോദിച്ചു. വൈദികൻ ഉത്തരം നൽകി – 'വിശ്വാസം'. ചിത്രകാരൻ ഇതേ ചോദ്യവുമായി ഒരു വീട്ടമ്മയുടെ മുന്നിലെത്തി. വീട്ടമ്മയുടെ മറുപടി 'സ്നേഹമാണ്' എന്നായിരുന്നു. പിന്നീട് ഒരു പടയാളിയെ സമീപിച്ച് ഇതേ ചോദ്യം ആവർത്തിച്ചു. പടയാളിയുടെ ഉത്തരം 'സമാധാനം' എന്നായിരുന്നു. അനന്തരം ആ ചിത്രകാരൻ ഇവ മൂന്നും സംയോജിപ്പിച്ച് ഒരു ചിത്രം വരച്ചു. ഒരു കുടുംബത്തിന്റെ ചിത്രമായിരുന്നു അത്.

**എന്താണ് കുടുംബം?**

ഒരു സമൂഹജീവിയായ മനുഷ്യന്റെ കൂട്ടായ്മയുടെ പ്രാഥമിക രംഗമാണ് കുടംബം. 'കൂടുമ്പോൾ ഇമ്പം കിട്ടുന്ന സ്ഥലം' എന്ന നിർവ്വചനം കുടുംബത്തിന് വളരെ അനുയോജ്യമാണ്. ഉൽപ്പത്തി 2:18 മനുഷ്യൻ ഏകനായി ജീവിക്കുന്നത് നന്നല്ല എന്ന് ദൈവം മനസ്സിലാക്കി അവന് തുണയായി ഒരു സ്ത്രീയെ സൃഷ്ടിച്ചു നൽകി. അങ്ങനെ ദൈവനിയോഗ പ്രകാരം ആദ്യ കുടുംബം ഏദൻ തോട്ടത്തിൽ സ്ഥാപിതമായി, അതായത് കുടുംബത്തിന് മനുഷ്യരാശിയുടെ ഉൽപ്പത്തിയോളം പഴക്കമുണ്ട്.

**വിവാഹം – കുടുംബ ജീവിതത്തിന്റെ പ്രവേശന കവാടം**

വിവാഹത്തിന് അനേകം നിർവ്വചനങ്ങളുണ്ട്. വ്യത്യസ്ത സാഹചര്യങ്ങളിൽ ജനിച്ചു വളർന്ന ഒരു സ്ത്രീയും പുരുഷനും ഒത്തൊരുമിച്ച് സുഖത്തിലും ദു:ഖത്തിലും സമ്പത്തിലും നെടുവീർപ്പിലും മരണം തങ്ങളെ വേർപിരിക്കുന്നതു വരെ കഴിയുന്ന തിനുള്ള ഉഭയസമ്മതമാണ് വിവാഹം. ഇക്കാരണത്താൽ എല്ലാ മതങ്ങളും വിവാഹത്തെ മതപരമായ ചടങ്ങുകളോട് നടത്തുന്ന ഒരു വിശുദ്ധ കർമ്മമായി ആഘോഷിക്കുന്നു.

വിവാഹത്തെപ്പറ്റി ഹാസ്യപരമായ ഒരു നിർവ്വചനം 1970–കളിൽ പ്രൊഫഷണൽ കോളേജ് ക്യാമ്പസ്സുകളിൽ നിലനിന്നിരുന്നു. ഇംഗ്ലീഷിലെ ആ നിർവ്വചനം ഇപ്രകാരമാണ്– "Marriage is a trap those who are outside went to get in, those who are inside cannot escape". ഇപ്രകാരം വിവാഹത്തിന്റെ നിർവ്വചനം എന്തു തന്നെയായാലും വിവാഹം എന്ന പവിത്രമായ ചടങ്ങോട് കൂടിയാണ് കുടുംബങ്ങൾ സ്ഥാപിതമാകുന്നത്. കുഞ്ഞുങ്ങളുടെ

ജനനത്തോട് കൂടി കുടുംബം പൂർണ്ണമാകുന്നു.

**ഒരു മാതൃകാ ഭവനം എന്നാൽ എന്ത്?**

ഭവനം എന്നാൽ ജനനം മുതൽ മരണം വരെ ഒരു വ്യക്തിക്ക് കഴിഞ്ഞു കൂടേണ്ട സ്ഥലം, ഒരു വ്യക്തിക്ക് മേൽവിലാസം നൽകുന്ന സ്ഥലം. ഭൂമിയിൽ ജനിക്കുന്ന ഓരോ കുഞ്ഞിനും സമൂഹത്തിൽ ഉത്തമപൗരന്മാരായി ജീവിക്കുന്നതിന് ആവശ്യമുള്ള പരിശീലനം നൽകുന്ന കളരി. വീട്ടിലെ ഓരോ അംഗത്തിനും സംരക്ഷണം നൽകുന്ന സങ്കേതം, രാവിലെയും വൈകിട്ടും ആരാധനയ്ക്കുള്ള യാഗപീം, കുട്ടികൾക്ക് സദുപദേശം നൽകുന്ന സദസ്സ്, കുട്ടികൾക്ക് വിനോദത്തിനുള്ള സ്റ്റേഡിയം, കുട്ടികൾ തെറ്റ് ചെയ്താൽ അവർക്ക് ശിക്ഷ നൽകുന്ന കോടതി എന്നിങ്ങനെ ഒരു മാതൃകാഭവനത്തിന് അനേകം പ്രത്യേകതകൾ ഉണ്ടായിരിക്കണം.

**നമ്മുടെ ഭവനം സ്വർഗ്ഗത്തിന്റെ പ്രതീകമായിരിക്കട്ടെ**

മക്കൾ ദൈവം നൽകുന്ന അവകാശവും ഉദരഫലം ദൈവം നൽകുന്ന പ്രതിഫലവുമാണ്. അവരെ ശരിയായ മൂല്യബോധം നൽകി വളർത്തുക എന്നത് മാതാപിതാക്കളെ ദൈവം ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വമാണ്. സ്നേഹത്തിന്റെയും കരുതലിന്റെയും പാഠങ്ങൾ അവർ പഠിക്കേണ്ടത് ഭവനത്തിനുള്ളിൽ നിന്നാണ്. ഓരോ കുഞ്ഞിനും ഓരോ വ്യക്തിത്വമുണ്ട്. ഒരു വീട്ടിൽ രണ്ട് മക്കളുണ്ടെങ്കിൽ ഓരോരുത്തരുടെയും അഭിരുചിയും താലന്തുകളും വ്യത്യസ്തമായിരിക്കും. അവരുടെ താലന്തുകൾ കണ്ടുപിടിച്ച് അവ വളർത്തിയെടുക്കേണ്ടതിന് ആവശ്യമായ പ്രോത്സാഹനം നൽകുക എന്നത് മാതാപിതാക്കളുടെ കടമയാണ്. അവരുടെ ജനനത്തിന് മുമ്പ് തന്നെ അവരെ രണ്ട് പേരെയും ഒരേ പ്രൊഫഷനിൽ എത്തിക്കുന്നതിന് ആഗ്രഹിക്കുകയും ഈ മോഹം സഫലമായില്ലെങ്കിൽ അവരുടെ വ്യത്യസ്ത സ്വഭാവങ്ങളെ അയൽക്കാരുടെയും ബന്ധുക്കളുടെയും മുമ്പിൽ ഇടിച്ചു താഴ്ത്തി സംസാരിക്കുകയോ പരിഹസിക്കുകയോ ചെയ്യുന്ന പ്രവണത മാതാപിതാക്കൾ ഉപേക്ഷിക്കുക. സ്വന്തം കുഞ്ഞിനെ അയൽക്കാരായ കുട്ടികളോടോ അവരുടെ സഹപാഠികളോടോ താരതമ്യപ്പെടുത്തി സംസാരിക്കുകയും അരുത്.

മക്കളോട് പക്ഷഭേദം കാണിക്കരുത്. ഇപ്രകാരം സ്വന്തം മക്കളോട് പക്ഷഭേദം കാണിച്ച അമ്മമാർ മാത്രമല്ല മക്കളും അനുഭവിക്കേണ്ടി വന്ന കഷ്ടതയും ദു:ഖവും വിവരിക്കുന്ന പല ഉദാഹരണങ്ങളും പഴയ നിയമത്തിൽ നാം വായിക്കുന്നുണ്ട്.

മക്കളുടെ മുമ്പിൽ മാതാപിതാക്കൾ അവർക്ക് അനുകരിക്കാവുന്ന മാതൃകാജീവിതം നയിക്കണം. മാതാപിതാക്കൾ ചെയ്യുന്ന ഓരോ കാര്യവും ടെലസ്കോപ്പിലൂടെ എന്നവണ്ണം വീക്ഷിക്കുന്നവരാണ് മക്കൾ. മാതാപിതാക്കളുടെ ഭക്തിയും പ്രവൃത്തിയും ഉപദേശങ്ങളും തമ്മിലുള്ള പൊരുത്തക്കേടുകൾ കണ്ടുവളരുന്ന കുട്ടികൾ വഴിതെറ്റിപ്പോകുന്നതിൽ അതിശയമില്ല. പാട്ടു പാടുന്ന അമ്മയുടെ മക്കൾ ഒരു മൂളിപ്പാട്ടെങ്കിലും

പാടും. ഇടിയും മിന്നലും കാണുമ്പോൾ ചെവി പൊത്തി ഓടുന്ന അമ്മയുടെ മക്കളും അപ്രകാരം ചെയ്യും. മരങ്ങൾ നട്ടുവളർത്തി മരങ്ങളെ സ്നേഹിക്കുന്ന രക്ഷാകർത്താക്കളുടെ മക്കളും അപ്രകാരം ചെയ്യും. അതുകൊണ്ട് മാതാപിതാക്കൾ മക്കൾക്ക് അനുകരിക്കത്തക്ക റോൾ മോഡലുകളായി അവരുടെ ജീവിതപാതയിൽ പ്രകാശം ചൊരിയുന്ന വഴിവിളക്കുകൾ ആയിരിക്കണം.

എല്ലാറ്റിനുമുപരിയായി ഒരു ക്രിസ്തീയ കുടുംബത്തിന്റെ മുഖമുദ്ര കുടുംബപ്രാർത്ഥനയാണെ കാര്യം മറക്കരുത്. **പ്രാർത്ഥനയിൽ അധിഷ്ഠിതമായ കുടുംബത്തിനുള്ളിലെ കുടുംബബന്ധങ്ങൾ ശക്തമായിരിക്കും.** സന്തോഷവും സമാധാനവും കരുതലും വിശ്വസ്തതയും പരസ്പര സ്നേഹവും ത്യാഗവും ആ ഭവനത്തിൽ നിറഞ്ഞു നിൽക്കും. ഇത്തരം കുടുംബങ്ങൾ സന്തുഷ്ട കുടുംബങ്ങളായി സ്വർഗ്ഗീയ ഭവനത്തിന്റെ നിഴൽ ആയി സമൂഹത്തിൽ ശോഭിക്കും. അവ സമൂഹത്തിനും രാഷ്ട്രത്തിനും മുതൽക്കൂട്ടായിരിക്കുകയും ചെയ്യും.

***

## We welcome these new families joined by TC

| Sl.No | Family No | Members | Date of Join |
|---|---|---|---|
| 1 | 2053 | CA Saju Roy J S, Dr. Deepa Shalini N & Ms. Angel Anna Roy | 27-06-2013 |
| 2 | 2054 | Mr. Dharma Kumar C,Mrs. Caroline L, Ms. Delin C & Mr. Debin D | 29-06-2013 |
| 3 | 2055 | Dr. Valsalam G & Mrs. Komalam K | 29-07-2013 |
| 4 | 2056 | Dr. Pramod V K, Dr. Susha Pramod & Ms. Nishitha Ann Pramod | 29-07-2013 |
| 5 | 2057 | Er. Rajan V N , Er.Sheela R Thyaga Raj & Er. Rohini Rajan | 03-08-2013 |
| 6 | 2058 | Er. Joysingh J D & Mrs.Leela Joysingh | 16-08-2013 |

## Confirmation

| Sl.No | Family No | Members | Date of Confirmation |
|---|---|---|---|
| 1 | 1592 | Mr. Binu Punnoose Gold | 11-08-2013 |

## Baptism

| Sl.No | Family No | Members | Date of Baptism |
|---|---|---|---|
| 1 | 1910 | Mr. Ethen Naveen Thomas | 04-08-2013 |

# THINKING OF TEACHERS

**Prof. J. Ross Chandran**

Any one or any thing that teaches us valuable lessons and shapes our lives can be called our teachers. Nature is one of our inspiring teachers. After a terrible storm, among the wreckage we see uprooted trees, broken branches, fallen leaves, birds of different kinds, big and small, lying dead and indescribale scenes of destruction. But hanging on to a huge tree on a selected branch and twig is the very small merrily twittering linnet. It has survived the storm by just clinging on to a twig by its encircling toes and frail beak. When the whole tree swayed and shook in the storm, the linnet as part of the tree swayed with it as if enjoying the experience. Does this not teach us a valuable lesson. If we cling on to God in critical situations, while others fail we survive by the Grace of God, like the little linnet. Nature thus becomes a teacher. We learn what a little bird has to teach. Our Lord Jesus Christ was the greatest teacher. Teaching through parables was his most effective method. We have only to recall each and every parable and the lessons they teach us to accept Jesus as our master teacher.

Let us limit our thoughts to two of the disciples of Jesus and the lessons we learn from them. Let us take the example of Andrew. It was he who brought his brother Peter to Jesus. However, Peter stole the lime light and the others had to play second fiddle. Andrew had no regrets. He gracefully accepted the second place. If the first place goes to the more deserving person, we should be content to accept the second place. We should learn from Andrew that we have in life to be content with the second place. Willingly accepting a lesser role in life for which alone we are fit is essential for cultivating harmonious human relations.

Let us now think of the disciple John. As a youth when he followed Jesus, he was a firebrand, short tempered and violent. He would, if he had his way, bring fire from heaven and destroy all those who obstructed Jesus. His fellowship with Jesus for much less than four years changed him totally. He gave us that immortal verse, John 3:16 which is called the little Bible: "For God so loved the world that He gave his only begotten son that whosoever believeth in him should not perish, but have everlasting life." In his closing years his only message to the world was "children love one another."

